## നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തര മേഖലാ കാര്യാലയം, കോഴിക്കോട് - വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ ചട്ട വിരുദ്ധമായി പ്ലാൻ വരച്ച് സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ - ശ്രീ. അബ്ദുൾ ജലീലിന്റെ രജിസ്ട്രേഷൻ (Reg. No. L2-9243/07/8204/SB) സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

നമ്പർ ഇ – 1547/2015 | തിയ്യതി, കോഴിക്കോട്, 23.01.2016

==========================================================================================

പരാമർശം:- 1. സർക്കാരിന്റെ 09/04/15 ലെ 71638/ആർ.ബി.2/2014/ത.സ്വ.ഭവ നമ്പർ കത്ത്
2. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 02/08/2014 ലെ 656/14 നമ്പർ റിപ്പോർട്ട്
3. വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30/06/15 ലെ എ1 നമ്പർ കത്ത്
4. ശ്രീ. അബ്ദുൾ ജലീലിന് 03/08/15 ന് നൽകിയ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീ. അബ്ദുൾ ജലീലിന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൻ 26/08/15 ന് നൽകിയ പ്രതിവാദ പത്രിക
6. ശ്രീ. അബ്ദുൾ ജലീൽ നഗരകാര്യ വകുപ്പ് ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ 15/10/2015 ന് നേരിട്ട് ഹാജരായി നൽകിയ മൊഴി.

-----

## ഉത്തരവ്

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ ഭീമനടി വില്ലേജിൽ സർവെ നം. 195/1 ബി ൽ പ്പെട്ട സ്ഥലത്ത് കുന്നുംകൈ എ.യു.പി. സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ. അബ്ദുൽ ജലീൽ, തലയില്ലത്ത് ഹൗസ്, കടുമേനി പോസ്റ്റ്, ചെറുപുഴ, കാസർഗോഡ് (Reg. No. L2-9243/07/8204/SB) എന്ന ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ ഒപ്പിട്ട് സമർപ്പിച്ച പ്ലാൻ പ്രകാരം ശ്രീ. എ.ജി. സുബൈർ, മാനേജർ, കുന്നുംകൈ എ.യു.പി. സ്കൂൾ എന്നവർക്ക് വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ച 28/5/14 ലെ BL നം. 24/2014-15 ബിൽഡിംഗ് പെർമിറ്റ് പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ കണ്ടെത്തിയതായി പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ (വിജി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്ലാൻ ഒപ്പ് വെച്ച് സമർപ്പിച്ച ലൈസൻസിക്കെതിരെ നിയമാനുസൃത നടപടിയെടുക്കുവാൻ ഒന്നാം പരാമർശിത കത്ത് മുഖേന സർക്കാർ നിർദ്ദേശം ലഭിക്കുകയും തുടർന്ന് ഇക്കാര്യത്തിൽ വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് ലഭ്യമാക്കുകയും പരാമർശം (4) പ്രകാരം ശ്രീ. അബ്ദുൽ ജലീലിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുമുണ്ടായി. ആയതിന് പരാമർശം (5) പ്രകാരം ടിയാൻ രേഖാമൂലം മറുപടി നൽകുകയും മറുപടിയിലെ അപേക്ഷ പരിഗണിച്ച് 15/10/2015 ന് ടിയാനെ, നേരിൽ കേൾക്കുകയും മൊഴി രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്.

ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ രണ്ടാം പരാമർശിത റിപ്പോർട്ട് പ്രകാരം സൈറ്റ് പ്ലാനിൽ യഥാർത്ഥ അതിർത്തികൾ, ആയതു സംബന്ധിച്ച അളവുകൾ, നിലവിലുള്ള കെട്ടിടങ്ങളുടെ

വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്താത്തത് മൂലം 2011 ലേ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ 7(11)(എ), സൈറ്റിൽ നിലവിലുള്ള കെട്ടിടങ്ങൾ തമ്മിൽ ചട്ട പ്രകാരം പാലിക്കേണ്ടുന്ന കുറഞ്ഞ അകലം പാലിക്കാത്തതിനാൽ ചട്ടം 27(2) എന്നിവ ലംഘിച്ചിട്ടുള്ളതായും, സൈറ്റ് പ്ലാനിൽ കാർ പാർക്കിംഗ് ഏരിയ, FAR , കവറേജ്, എന്നിവ രേഖപ്പെടുത്തിയിട്ടില്ല, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ - ബി രജിസ്ട്രേഷനുള്ള ടിയാൻ സൈറ്റ് പ്ലാനിൽ പതിച്ച സീലിൽ 'Civil Engineering Consultant' എന്ന് തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്നീ ചട്ട ലംഘനങ്ങളാണ് ചൂണ്ടികാണിച്ചിരിക്കുന്നത്. മേൽ ചട്ട ലംഘനങ്ങൾക്കു ഈ ഓഫീസിൽ നിന്നും ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് പരാമർശം (5) പ്രകാരം സമർപ്പിച്ച മറുപടിയിൽ 2011 ലെ കെ.പി.ബി.ആർ ചട്ടം 7(11)(എ) പ്രകാരമുള്ള അളവുകൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച്ച സംഭവിച്ചു എന്നും എന്നാൽ ചട്ടം 27(2) പ്രകാരം പാലിക്കേണ്ടുന്ന കുറഞ്ഞ അകലം പാലിച്ചുകൊണ്ടാണ് പ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് എന്നും എന്നാൽ നിർമ്മാണ പ്രവൃത്തി ബന്ധപ്പെട്ട ആളുകൾ ടിയാനെ അറിയിക്കാതെയാണ് ആരംഭിച്ചതെന്നും, പ്രസ്തുത നിർമ്മാണം ശ്രദ്ധയിൽപ്പെട്ട സമയത്ത് ബന്ധപ്പെട്ട സ്കൂൾ അധികൃതരെ ടി വിവരങ്ങൾ അറിയിക്കുകയും , ടി നിർമ്മാണത്തിന് കംപ്ലിഷൻ പ്ലാൻ തയ്യാറാക്കി കൊടുത്തിട്ടില്ലാത്തതുമാണ് എന്നും കാറ്റഗറി രേഖപ്പെടുത്തുന്നതിൽ വന്ന വീഴ്ച്ചയും കെ.പി.ബി..ആർ. ചട്ടം 7(11) (എ) പാലിക്കുന്നതിൽ വരുത്തിയ വീഴ്ച്ചയും അബദ്ധവശാൽ സംഭവിച്ചതാണെന്നും ആയതിനാൽ ടിയാനെതിരെയുള്ള നടപടികളിൽ നിന്നും ഒഴിവാക്കണെമെന്നും അപേക്ഷിച്ചിരുന്നു. ടിയാനെ നേരിൽ കേട്ട വേളയിലും ടി വാദഗതികൾ ആവർത്തിക്കുകയുണ്ടായി.

ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ റിപ്പോർട്ട് ശ്രീ. അബ്ദുൾ ജലീലിന്റെ 26/8/15 ലെ മറുപടി, ടിയാൻ ഈ ഓഫീസിൽ നേരിൽ ഹാജരായി നൽകിയ മൊഴി, വെസ്റ്റ് എളേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിക്കുകയുണ്ടായി. 1999 ലെ കെ.എം.ബി.ആർ ചട്ടം 153 പ്രകാരം പ്ലാനുകളും, ഡ്രോയിംഗുകളും, ആക്ടിലെയും, ചട്ടങ്ങളിലെയും അല്ലെങ്കിൽ സർക്കാരോ, മുനിസിപ്പാലിറ്റിയോ പുറപ്പെടുവിച്ചിട്ടുള്ള എതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായും പാലിച്ചുകൊണ്ട് തയ്യാറാക്കുവാനും, സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രം തയ്യാറാക്കുവാനും ലൈസൻസി ബാധ്യസ്ഥനാണ്. കൂടാതെ പ്ലാനിൽ ഒപ്പുവെക്കുന്ന ലൈസൻസി പ്ലാനിൽ രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മയ്ക്കും, സത്യാവസ്ഥയ്ക്കും ഉത്തരവാദിയായിരിക്കുന്നതാണ് എന്നതിനാൽ ശ്രീ. അബ്ദുൽ ജലീലിന്റെ വിശദീകരണം തൃപ്തികരമല്ല എന്നും സൂപ്പർവൈസർ 'ബി' രജിസ്ട്രേഷനും ടിയാൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ "സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടന്റ്" എന്ന് സീലുണ്ടാക്കി അപേക്ഷയുടെ പ്ലാനിലും പതിക്കുന്നത് നിയമവിരുദ്ധമാണെന്നും ടിയാന്റെ ഭാഗത്തു നിന്നും കെട്ടിട

നിർമ്മാണ അപേക്ഷയിലും, പ്ലാൻ തയ്യാറാക്കുന്നതിലും മറ്റും കൃത്യ വിലോപം ഉണ്ടായതായും എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. മേൽ പ്രകാരമുള്ള ചട്ട ലംഘനങ്ങൾക്ക് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർ 'ബി' ശ്രീ. അബ്ദുൾ ജലീൽ ഉത്തരവാദിയാണ് എന്നു മേൽ പ്രകാരം കാണുന്നതിനാൽ ടിയാന്റെ രജിസ്ട്രേഷൻ (Reg. No. L2-9243/07/8204/SB), 01/02/2016 മുതൽ 29/02/2016 വരെയുള്ള ഒരു മാസ കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സസ്പെൻഷൻ കാലയളവിൽ ശ്രീ. അബ്ദുൾ ജലീൽ 1999 ലെ കെ.എം.ബി.ആർ വ്യവസ്ഥ ചെയ്യുന്ന സൂപ്പർവൈസർ -ബി യുടെ ചുമതലകൾ നിർവ്വഹിക്കാൻ പാടില്ലാത്തതും, സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി സർട്ടിഫിക്കറ്റിന്റെയും ഐഡന്റിറ്റി കാർഡിന്റേയും അസ്സൽ സഹിതം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ കാര്യാലയത്തിൽ ഒരാഴ്ചക്കകം നേരിൽ ഹാജരാകേണ്ടതുമാണെന്ന് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

ശ്രീ. അബ്ദുൽ ജലീൽ, തലയില്ലത്ത് ഹൗസ്, കടുമേനി പോസ്റ്റ്, ചെറുപുഴ, കാസർഗോഡ് - 670511

പകർപ്പ് :

1) ഗവ. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (ആർ.ബി 2) വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ് (കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ടമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ കത്ത് സഹിതം)
3) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
5) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി
6) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

K.R. 25/01